(സി) കേരള സംഗീത നാടക അക്കാദമി ചെയർമാൻ തഞ്ചാവൂരിലും പൂനയിലും പോയതിന് 19,612 രൂപ ചെലവായി. ഭരത് വേൻ, മറ്റി പർപ്പസ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് എന്നീ സ്ഥാപനങ്ങളുടെ മുൻ മെമ്പർ സെക്രട്ടറി ശ്രീ. ആർ. ഭരത്ചന്ദ്ര കുമാർ ബറോഡ, മദ്രാസ്, ഡൽഹി, മഹാരാഷ്ട്ര, ബംഗാൾ എന്നീ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തതിന് 2,52,130 രൂപ ചെലവായിട്ടുണ്ട്. കേരള ഫോക്‌ലോർ അക്കാദമിയിൽ നിന്നും മുൻസെക്രട്ടറി ശ്രീ. സുരേഷ് ബാബു തഞ്ചാവൂരിൽ പോയ ഇനത്തിൽ 1,494 രൂപയും ചെലവായിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കേന്ദ്ര വന്യജീവി വകുപ്പിന്റെ അംഗീകാരമുള്ള മൃഗശാലകൾ

120 [1466] **ശ്രീ. സി. കെ. നാണു:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വന്യജീവി വകുപ്പിന്റെ അംഗീകാരമുള്ള എത്ര മൃഗശാലകൾ കേരളത്തിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; അവയുടെ പേരുകൾ വ്യക്തമാക്കുമോ;

(ബി) അംഗീകാരം നൽകാത്തതോ ഇപ്പോൾ അംഗീകാരമില്ലാത്തതോ ആയ മൃഗശാലകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് നിർദ്ദേശം എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട്. തിരുവനന്തപുരം മൃഗശാലയും തൃശ്ശൂർ മൃഗശാലയും.

(ബി) സെൻട്രൽ സൂ അതോറിറ്റിയുടെ അംഗീകാരമില്ലാത്ത മൃഗശാലകൾക്കെതിരെ വന്യജീവി സംരക്ഷണ നിയമം അനുസരിച്ച് ബന്ധപ്പെട്ട അധികൃതർ നടപടി സ്വീകരിച്ചിട്ടുണ്ട്.

മൃഗശാലകളിലെ മാനുകളുടെ വന്ധ്യംകരണം

121 [1467] **ശ്രീ. സി. പി. മുഹമ്മദ്:**
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും തൃശ്ശൂരുമുള്ള മൃഗശാലകളിലെ എത്ര മാനുകളെയും മാൻ വർഗ്ഗത്തിൽപ്പെട്ട മൃഗങ്ങളെയും 2005-ൽ വന്ധ്യംകരിച്ചു;

(ബി) ഇവയിൽ എത്രയെണ്ണം ചത്തു;

(സി) അവ ചാകാനുള്ള കാരണമെന്ത്;

(ഡി) തിരുവനന്തപുരം മൃഗശാലയിലെ സാംബർ ഇനത്തിൽപ്പെട്ട ഒരു മാൻ ചത്തത് വന്ധ്യംകരണം കഴിഞ്ഞ് ബോധം വീണയുടൻ മറ്റൊരു മാനുമായി ഏറ്റുമുട്ടിയതിന്റെ ഫലമായാണോ;

(ഇ) വന്ധ്യംകരണം ചെയ്ത മാനുകളെ പ്രത്യേകം ഏകാന്തതയിൽ പാർപ്പിക്കാതിരുന്നതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly